"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ-ശിശുവികസന വകുപ്പ്-18 മാസം കൊണ്ട് പൂർത്തിയാക്കാവുന്ന പദ്ധതികളുടെ നിരീക്ഷണത്തിനായി കർമ്മപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസറെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**വനിതാ-ശിശുവികസന(പാർലമെന്റ്) വകുപ്പ്**

സ.ഉ.(സാധാ) നം.225/2024/WCDD തീയതി,തിരുവനന്തപുരം, 12-07-2024

പരാമർശം:-

1. 2024 മെയ് മാസം ചീഫ് സെക്രട്ടറി സെക്രട്ടറിമാരുമായി നടത്തിയ പ്രതിമാസ യോഗത്തിന്റെ മിനുട്ട്സ്
2. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ 16.05.2024 തീയതിയിലെ PIEM2/19/2024-PIEMD നമ്പർ സർക്കുലർ
3. വനിതാ-ശിശുവികസന(പാർലമെന്റ്) വകുപ്പിന്റെ 08.07.2024 തീയതിയിലെ സ.ഉ(സാധാ) നം.222/2024/WCDD നമ്പർ സർക്കാർ ഉത്തരവ്
4. വനിതാ-ശിശുവികസന ഡയറക്ടറുടെ 11.07.2024 തീയതിയിലെ DWCD/3135/2024-PCI നമ്പർ കത്ത്

**ഉത്തരവ്**

സൂചന(1) പ്രകാരം അടുത്ത 18 മാസത്തിനുള്ളിൽ പൂർണ്ണമായോ ഭാഗികമായോ പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ, പ്രവർത്തി ആരംഭിക്കാൻ സാധിക്കുന്ന പദ്ധതികൾ (ടെൻഡർ നടപടികൾ പൂർത്തികരിച്ച്),പദ്ധതി ആവിഷ്കരണം/നയരൂപീകരണം നടത്തി ബഡ്ജറ്റിലൂടെ നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ എന്നിവ കണ്ടെത്താനും, പദ്ധതി പൂർത്തീകരണത്തിനായുള്ള ടൈംലൈൻ, ഫണ്ട് ആവശ്യകതകൾ എന്നിവ വ്യക്തമാക്കി ഒരു കർമ്മ പദ്ധതി തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, പദ്ധതി നിർവ്വഹണപുരോഗതി അവലോകനം ചെയ്യുന്നതിനും ,കർമ്മ പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികൾ സംബന്ധിച്ച തീരുമാനങ്ങൾ അതിവേഗം നടപ്പിലാക്കുന്നതിനുമായി ഭരണവകുപ്പുകളിൽ നോഡൽഓഫീസർമാരെ നിയമിക്കേണ്ടതാണെന്ന് സൂചന 2 സർക്കുലർ പ്രകാരം അറിയിച്ചിരുന്നു.

2.മേൽ സാഹചര്യത്തിൽ 18 മാസം കൊണ്ട് പൂർത്തിയാക്കാവുന്ന പദ്ധതികളുടെ നിരീക്ഷണത്തിനായി കർമ്മപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വനിതാ-ശിശുവികസന ഡയറക്ടറേറിൽ നിന്ന് അഡീഷണൽ ഡയറക്ടർ ശ്രീമതി.ബിന്ദു ഗോപിനാഥ് നെ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

3.കർമ്മ പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികൾ സംബന്ധിച്ച തീരുമാനങ്ങൾ അതിവേഗം

നടപ്പിലാക്കുന്നതിനാവശ്യമായ വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നുണ്ട് എന്നത് നോഡൽ ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
Date: 12-07-2024 15:37:53
സെക്ഷൻ ഓഫീസർ

പകർപ്പ്

1.ശ്രീമതി.ബിന്ദു ഗോപിനാഥ് ,അഡീഷണൽ ഡയറക്ടർ,വനിതാ-ശിശുവികസന ഡയറക്ടറേറ്റ്,തിരുവനന്തപുരം
2.ഡയറക്ടർ, വനിതാ-ശിശുവികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
3.പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ,വനിതാ-ശിശുവികസന വകുപ്പ്
4.വനിതാ-ശിശുവികസന വകുപ്പ് ഓഫീസർമാർക്കും,സെക്ഷനുകൾക്കും
5.പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
6.ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പ്(/വെബ്&ന്യൂ മീഡിയ)
7.കരുതൽ ഫയൽ/ഓഫീസ് കോപ്പി